27) തുക നഗരസഭാ ഓഫീസിൽ അടച്ചതിന് ശേഷം യഥാസമയം സംസ്ക്കരിക്കാൻ മൃതദേഹം കൊണ്ടുവരാത്തപക്ഷം നിശ്ചിത തുകയുടെ 50% കക്ഷികൾക്ക് തിരികെ നൽകുന്നതാണ്.

28) ശ്മശാനത്തിലേയോ നഗരസഭയുടെയോ ഭാഗത്തുനിന്നുള്ള സാങ്കേതിക കാരണങ്ങളാൽ മൃതദേഹം സംസ്ക്കരണം നടത്താൻ പറ്റാതെ വന്നാൽ മുഴുവൻ തുകയും തിരികെ നൽകുന്നതാണ്.

29) ഓരോ ശ്മശാനത്തിന്റേയും കസ്റ്റോഡിയൻ ഓഫീസറുടെ അധികാരം പ്രസ്തുത സ്ഥലത്തിന്റെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടറിൽ നിക്ഷിപ്തമായിരിക്കും.

30) കോർപ്പറേഷൻ നിബന്ധനകൾ പ്രകാരം ശ്മശാനത്തിലെ മൃതശരീരങ്ങൾ സംസ്ക്കരിക്കുന്നതിന് ശ്മശാനത്തിലെ കരാറുകാരൻ തയ്യാറാകാത്ത പക്ഷം ആയതു കരാർ വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി കരാറുകാരനെ ഒഴിവാക്കുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

31) കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും പരിപാലനങ്ങൾക്കായി ഏൽപ്പിച്ചു നൽകിയതുമായ ശ്മശാനങ്ങൾ കോർപ്പറേഷന്റെ പൂർണ്ണ ഉടമസ്ഥതയിലും നിയന്ത്രണത്തിലുള്ളതാണെന്നും ടി ശ്മശാനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തികൾ നടത്തണമെങ്കിൽ കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്ന് അനുമതി വാങ്ങേണ്ടതുമാണ്.

32) ബൈലോയിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചും ബൈലോയുടെ വ്യാഖ്യാനത്തെ പറ്റിയും സെക്രട്ടറിയുടെ തീരുമാനത്തിന് ഏതൊരാളും ബാദ്ധ്യസ്ഥനാണ്. മേൽ പ്രകാരമുള്ള സെക്രട്ടറിയുടെ തീരുമാനം കൗൺസിലിന്റെ അപ്പീൽ തീരുമാനത്തിന് വിധേയമായി അന്തിമമായിരിക്കുന്നതാണ്.

33) ബൈലോ ഭേദഗതി ചെയ്യുന്നതിനും കൂട്ടിച്ചേർക്കുന്നതിനും കൗൺസിലിന് അധികാരമുള്ളതാകുന്നു.

34) ബൈലോയിൽ പറയുന്ന സെക്രട്ടറിയുടെ വിവിധ അധികാരങ്ങൾ മുനിസിപ്പാലിറ്റിയിലെ മറ്റ് ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുള്ളതാകുന്നു.

35) ബൈലോ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റത്തിന് 5000/- രൂപയിൽ കവിയാതെയുള്ള പിഴ ശിക്ഷക്ക് ബാധ്യസ്ഥനായിരിക്കും.

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

Scanned by CamScanner